**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1178** **30.01.2018-ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര മണ്ഡലത്തിലെ മുള്ളറവിള -ആയയിൽ പാലം നിർമാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ആൻസലൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) നെയ്യാറ്റിൻകര - നിയോജക മണ്ഡലത്തിലെ മുള്ളറവിള - ആയയിൽ പാലത്തിന്റെ പുതിയ ഡിസൈൻ തയ്യാർ ആയിട്ടുണ്ടോ; ഇല്ലായെങ്കിൽ 2018 ഫെബ്രുവരിക്ക് മുമ്പ് തയ്യാർ ആക്കി കിഫ്ബിയിൽ സമർപ്പിക്കാൻ കഴിയുമോ എന്ന് വിശദമാക്കുമോ; | (എ) ആയയിൽ - മുള്ളറവിള പാലത്തിന്റെ പുതുക്കിയ ഡിസൈൻ രൂപകല്പന വിഭാഗത്തിൽ തയ്യാറാക്കുന്നത് അന്തിമ ഘട്ടത്തിലാണ്. ഡിസൈൻ ലഭ്യമായതിനു ശേഷം മാത്രമേ ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) മുള്ളറവിള - ആയയിൽ പാലത്തിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പി ഡബ്ലിയു ഡി - ബ്രിഡ്ജസ് വിഭാഗം എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) ആയയിൽ - മുള്ളറവിള പാലം സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് റിക്വിസിഷൻ തയ്യാറാക്കി 2010-ൽ ജില്ലാകളക്ടർക്ക് നൽകിയിരുന്നു. എന്നാൽ ചില ഭൂഉടമകൾ ഈ വിഷയത്തിൽ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇത് ടി പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു. കേസിന്റെ തീർപ്പിനു ശേഷം സർവ്വേ നടപടികൾ പൂർത്തിയാക്കി. എന്നാൽ ഇപ്പോൾ 1894-ലെ എൽ.എ നിയമ പ്രകാരമുള്ള നടപടി ക്രമങ്ങൾ ഡിനോവയായി. കൂടാതെ പാലത്തിന്റെ പെരുങ്കടവിള ഭാഗത്തെ റോഡ് കോളിയോട് -മുള്ളവിള പെരുങ്കടവിള വരെ വീതികൂട്ടി നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നു. ആയതിനാൽ 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ നിയമപ്രകാരം തുടർനടപടികൾ നടത്തുന്നതിനായി പുതിയ റിക്വിസിഷൻ തയ്യാറാക്കി വരുന്നു. |
| (സി) മേൽപ്പറഞ്ഞ പാലത്തിനു സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എൽ .എ തഹസീൽദാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (സി) റിക്വിസിഷൻ തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമെ ജില്ലാകളക്ടർ/തഹസിൽദാർക്ക് ആവശ്യം വേണ്ട നിർദ്ദേശം നൽകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | മുള്ളറവിള -ആയയിൽ പാലത്തിനു കിഫ്ബി എത്ര തുക ആണ് വകയിരുത്തിയത്; | (ഡി) | 2016-17 വർഷത്തെ Budget Speech-ൽ ഉൾപ്പെട്ടുത്തിയിരുന്ന പ്രസ്തുത പ്രവൃത്തിക്ക് 31/10/2016-ലെ ജി.ഒ(ആർ.റ്റി) നം.1496/2016/പൊ.മ.വ പ്രകാരം കിഫ്ബിയിൽ ഉൾപ്പെട്ടുത്തി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കിവരുന്നു. ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചതിനുശേഷമേ കിഫ്ബി തുക അനുവദിക്കുകയുള്ളൂ. |
| (ഇ) | മുള്ളറവിള ആയയിൽ പാലത്തിന്റെ പ്രവൃത്തികൾ 2018 മാർച്ചിൽ ആരംഭിക്കാൻ കഴിയുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ? | (ഇ) | സ്ഥലമെടുപ്പ് നടപടികളും ടെണ്ടർ നടപടികളും പൂർത്തിയാക്കുന്നതിന് കുറഞ്ഞത് 6 മാസത്തെ സമയം വേണ്ടി വരുന്നതാണ്. ആയതിനാൽ 2018 മാർച്ച് മാസം പ്രവൃത്തി ആരംഭിക്കാൻ സാധിക്കില്ല. |

S. Bindu

സെക്ഷൻ ഓഫീസർ